# കേരള സർക്കാർ

നം. 69337/ബി1/2009/പൊ.വി.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി 19.01.2011

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്- പണം കൈകാര്യം ചെയ്യുകയും ട്രഷറി ഡ്യൂട്ടി നിർവ്വഹിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥന് സ്പെഷ്യൽ അലവൻസ് - അനുമതിതേടുന്നത്- സംബന്ധിച്ച്.

സൂചന:- 20.1.1998- ലെ 32185/എൻ3/97/പൊ.വി. നമ്പർ സർക്കുലർ

പണം കൈകാര്യം ചെയ്യുകയും ട്രഷറി ഡ്യൂട്ടി നിർവ്വഹിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി, പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

എങ്കിലും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലും സ്ഥാപനങ്ങളിലും, ടി സ്ഥാപനത്തിൽ കൈകാര്യം ചെയ്യുന്ന പണവിനിമയത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ സ്പെഷ്യൽ അലവൻസിന് അർഹത നേടുകയും, ആയതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിനുശേഷവും , പണം കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ മാറിപ്പോകുന്നതു കൊണ്ടോ, റിട്ടയർ ചെയ്യുന്നതു കൊണ്ടോ, പുതുതായി വരുന്ന ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ അലവൻസ് ലഭിക്കുന്നതിന് സർക്കാരിൽ നിന്നും വീണ്ടും അനുമതി തേടേണ്ടതില്ല. പിന്നീടുള്ള വർഷങ്ങളിൽ, 2.2.1980 ലെ 11/ PRC-3/80/(168)Fin. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ റിവ്യൂ നടത്തി സ്പെഷ്യൽ അലവൻസ് അനുവദിക്കാവുന്നതാണ്.

ആയതിനാൽ ഇനിമുതൽ സ്പെഷ്യൽ അലവൻസിനായി അയയ്ക്കുന്ന അപേക്ഷയോടൊപ്പം, പ്രസ്തുത സ്ഥാപനത്തിന് ഇതിനുമുമ്പ് സ്പെഷ്യൽ അലവൻസ് അനുവദിച്ചിരുന്നില്ല എന്ന സർട്ടിഫിക്കറ്റുകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ വിദ്യാഭ്യാസ ഓഫീസർമാർ/എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
4. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
5. വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ആഫീസർമാർക്കും/സെക്ഷനുകൾക്കും
6. സ്റ്റോക്ക് ഫയൽ/ കരുതൽ കോപ്പിക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ